## വരൂ സുഹൃത്തെ,

സാന്ത്വനത്തിന്റെ തൂവൽ സ്പർശമായി അശരണരെ തലോടാൻ, ആലംബഹീനർക്ക് കനിവ് ചൊരിയാൻ, നന്മയുടെ ഈ കൂട്ടായ്മയിൽ നമുക്ക് പങ്കുചേരാൻ...

ദൈവത്തിന്റെ അപാരമായ അനുഗ്രഹത്താലും സൻമനസ്സുള്ള ഒട്ടേറെ മനുഷ്യ സ്നേഹികളുടെ സഹായത്താലും കഴിഞ്ഞ ഒരു പതിറ്റാണ്ട് കാലത്തെ പ്രവർത്തനങ്ങളിലൂടെ നിരവധി ആലംബ ഹീനർക്ക് സഹായമേകാൻ കനിവിന് സാധിച്ചിട്ടുണ്ട്.

ആവശ്യക്കാരുടെ കരളലിയിക്കുന്ന അപേക്ഷകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നതിനാൽ വരുമാന മാർഗങ്ങൾ ഇനിയും വിപുലപ്പെടുത്തേണ്ടതുണ്ട് അതിനാൽ സംഭാവനകൾ നൽകിയും മാസാന്ത വരിചേർന്നും, സാധ്യമായ മറ്റെല്ലാവിധത്തിലും ഈ മഹദ് സംരംഭത്തിൽ സഹകരിക്കുവാൻ താങ്കളോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

### കേന്ദ്ര കമ്മറ്റി ഭാരവാഹികൾ

| | | |
|---|---|---|
| Convenor | Feroz Hameed | 97 12 30 08 |
| Secretary | Abdul Wahid | 97 95 56 85 |
| Treasurer | Afsal Babu | 99 36 34 32 |
| CC Member | Anwar Shaji | 97 64 96 39 |
| CC Member | Khaleelurahman | 50 22 26 02 |
| CC Member | Nisar K Rasheed | 66 87 69 43 |
| Abbasiya | Mohamed Rihas. T | 66 23 07 10 |
| Farwaniya | Yunas K.P. | 66 49 71 26 |
| Salmiya | Asif V Khalid | 99 87 39 03 |
| Kuwait City | Shameer C.M | 60 07 99 69 |
| Abu Halifa | Thesneem M.I | 60 01 39 97 |
| Fahaheel | Anees C.T | 99 75 73 28 |
| Riggae | Anshad | 66 90 56 11 |

"ഭൂമിയിലുള്ളവരോട് കരുണ കാണിക്കൂ; ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കും" (പ്രവാചക വചനം)

# കനിവ്

കെ.ഐ.ജി സോഷ്യൽ റിലീഫ് സെൽ-കുവൈത്ത്





നമുക്ക് ചുറ്റും ദാരിദ്ര്യത്തിന്റെയും
കഷ്ടപ്പാടുകളുടെയും കൊടിയ
ദുരിതങ്ങൾ പേറി നാളുകൾ
തള്ളി നീക്കുന്ന നൂറുകണക്കിനു
പ്രവാസികൾ...

കാൻസർ, ഹൃദയാഘാതം, കിഡ്നി തകരാറുകൾ തുടങ്ങിയ
മാരക രോഗങ്ങൾക്കടിപ്പെട്ട് ജോലിക്ക് പോകാൻ കഴിയാതെ
വരുമാനം നിലച്ച്, പ്രതീക്ഷകളറ്റ് രോഗശയ്യയിലായവർ...

കൊള്ളപ്പലിശക്കാരുടെ നീരാളിപ്പിടുത്തത്തിൽ ഞെരിഞ്ഞമർന്ന്
ശ്വാസം വിടാൻ പോലും കഴിയാത്തവർ...

മനസ്സു നിറയെ സ്വപ്നങ്ങളും പേറി ഇവിടെയെത്തിയപ്പോൾ
സ്പോൺസറുടെയോ ഏജന്റിന്റെയോ ചതിയിൽ പെട്ട്
നിസ്സഹായരായിത്തീരുന്ന ഹതഭാഗ്യർ...

ജീവിതത്തിന്റെ രണ്ടറ്റം കൂട്ടി മുട്ടിക്കാൻ മറുനാട്ടിൽ വന്ന്
അപകട മരണത്തിനു കീഴടങ്ങുന്നവർ, ഉറ്റവർക്കായി ഒന്നും
ബാക്കിവെക്കാനില്ലാതെ ജീവിതത്തോട് വിട പറയുന്നവർ...

പ്രിയ മാതാപിതാക്കളുടെയോ ഭാര്യാ-സന്താനങ്ങളുടെയോ
മാരകരോഗങ്ങൾ ചികിത്സിക്കാൻ ഭീമമായ ചെലവുകൾ
വഹിക്കാൻ കഴിയാതെ, ഉറ്റവർ മരണത്തിലേക്ക് നടന്നടുക്കുന്നത്
നിസ്സഹായരായി നോക്കി നിൽക്കേണ്ടിവരുന്നവർ...

ഇനിയെന്തുചെയ്യണം, എങ്ങോട്ടു പോകണം, എങ്ങനെ
പരിഹരിക്കണം എന്നൊന്നും ഒരു നിശ്ചയവും ഇല്ലാതെ
പ്രശ്നങ്ങൾക്ക് മുമ്പിൽ പകച്ചു നിന്നു പോകുന്നവർ...

നമുക്ക് ചുറ്റും ഇങ്ങനെ
എത്രയെത്ര കാഴ്ചകൾ!!!!

## കനിവിന്റെ കഴിഞ്ഞ കാല പ്രവർത്തനങ്ങളിലൂടെ...

**മാസാന്ത സഹായം** ഓരോ മാസവും കനിവിന്റെ വരിക്കാരിൽ നിന്നും ശേഖരിക്കുന്ന കൊച്ചു കൊച്ചു സംഖ്യകളാണ് കനിവിന്റെ വരുമാനം. പ്രാദേശിക യൂനിറ്റുകൾ വഴി ലഭിക്കുന്ന സഹായ അപേക്ഷകളിൽ ആവശ്യമായ അന്വേഷണങ്ങൾക്ക് ശേഷം കേന്ദ്ര കമ്മറ്റി മാസാന്തം യോഗം ചേർന്ന് കേസിന്റെ സ്വഭാവവും ഫണ്ടിന്റെ സാധ്യതയും പരിഗണിച്ച് സഹായം അനുവദിക്കുന്നു. കഴിഞ്ഞ വർഷം ഇങ്ങിനെ ലഭിച്ച 217 അപേക്ഷകളിൽ 17,189 ദിനാറാണ് നാം ചിലവഴിച്ചത്.

**സ്കൂൾ കിറ്റ്** കേരളത്തിലെയും, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേയും നിർധനരായ ആയിരക്കണക്കിന് വിദ്യാർഥി-വിദ്യാർത്ഥിനികളുടെ സ്കൂളിൽ പോകാനുള്ള മോഹം സഫലമാക്കിക്കൊണ്ട് പഠനോപകരണങ്ങൾ അടങ്ങുന്ന സ്കൂൾ ബാഗ് വിതരണം ചെയ്യുന്ന പദ്ധതിയിലൂടെ കഴിഞ്ഞ വർഷം 11.08 ലക്ഷം രൂപ ചിലവഴിച്ചു.

**ബ്ലാൻകെറ്റ്** ശൈത്യ കാലത്ത് കൊടും തണുപ്പ് സഹിക്കാൻ കഴിയാതെ ആളുകൾ മരിച്ചുവീഴുന്നത് ഉത്തരേന്ത്യയിലെ നിത്യസംഭവമാണ്. ഇത്തരം ആളുകൾക്ക് തണുപ്പിൽ നിന്നും രക്ഷനേടാനുള്ള കമ്പിളി പുതപ്പ് നൽകാനുള്ള പദ്ധതിയിലേക്ക് കഴിഞ്ഞ വർഷം 2.34 ലക്ഷം രൂപയാണ് സമാഹരിച്ചു നൽകിയത്.

**ഭക്ഷണ കിറ്റ്** ദരിദ്ര കുടുംബങ്ങൾക്ക് അടിസ്ഥാന ഭക്ഷണ വിഭവങ്ങളടങ്ങിയ കിറ്റ് എത്തിച്ചുനൽകുന്ന പദ്ധതിയിലൂടെ കഴിഞ്ഞ വർഷം 17.64 ലക്ഷം രൂപയാണ് വിനിയോഗിച്ചത്.

**2013-ൽ മാസാന്ത കളക്ഷനിലൂടെ കുവൈത്തിൽ നൽകിയ സഹായം**

| ഇനം | സംഖ്യ ദീനാറിൽ | ശതമാനം |
|---|---|---|
| ചികിത്സ | 7,391 | 43% |
| കട ബാധിതർ | 3,782 | 22% |
| വിസ-ഇഖാമ പ്രശ്നങ്ങൾ | 2,406 | 14% |
| വിമാന ടിക്കറ്റ് | 2,063 | 12% |
| തൊഴിൽരഹിതർ | 1,203 | 7% |
| സ്വയംതൊഴിൽ | 344 | 2% |
| **ആകെ** | **17,189** | **100%** |